ഭരണഭാഷ - മാതൃഭാഷ

ജെ1-21084/16

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി.11.07.2017
Jddj.dp@gmail.com

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം ഗ്രാമപഞ്ചായത്തുകളുടെ - വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നത് - സംബന്ധിച്ച് -

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ഔദ്യോഗിക വെബ് സൈറ്റുകളിൽ നിലവിൽ പൂർണ്ണതോതിൽ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നില്ല എന്ന് മനസ്സിലാക്കുന്നു.ആയതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും വെബ് സൈറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ അടിയന്തിരമായി പ്രസിദ്ധീകരിക്കുവാൻ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

**വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ**

1. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ പേര്, ഔദ്യോഗിക പേര്, മൊബൈൽ നമ്പർ, പ്രതിദിന ഹാജർ, വേക്കൻസി ഉൾപ്പെടെ (എല്ലാ ദിവസവും update ചെയ്യണം)
2. വിവരാവകാശ നിയമ പ്രകാരമുള്ള നിർബന്ധിത പ്രസിദ്ധപ്പെടുത്തലുകൾ
3. പദ്ധതി ചെലവ് - പ്രതിവാര റിപ്പോർട്ട്
4. തെരുവ് നായ്ക്കളുടെ കൂട്ടങ്ങൾ കാണപ്പെടുന്ന പ്രദേശങ്ങൾ, മൃഗ സെൻസസ് പ്രകാരമുള്ള തെരുവ് നായ്ക്കളുടെ എണ്ണം എന്നിവ
5. മാലിന്യം കൂടുതൽ നിക്ഷേപിക്കപ്പെടുന്ന പ്രദേശങ്ങൾ
6. DCB സ്റ്റേറ്റ്മെന്റ്
7. Dengue fever ബാധിച്ചവരുടെ എണ്ണം കൂടുതൽ റിപ്പോർട്ടു ചെയ്ത പ്രദേശങ്ങൾ റിപ്പോർട്ട് ചെയ്ത എണ്ണം എന്നിവ

8. ഗുണഭോക്തൃ ലിസ്റ്റുകൾ (വിവിധ ആനുകൂല്യങ്ങൾക്കായി തയ്യാറാക്കിയത്)
9. 2017 - ൽ ഇതുവരെ കൂടിയ പഞ്ചായത്ത് കമ്മറ്റികളുടെ എണ്ണം, തീയതി എന്നിവ
10. 2017 - ൽ ഇതുവരെ കൂടിയ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ എണ്ണം, കൂടിയ തീയതികൾ എന്നിവ
11. പഞ്ചായത്ത് നൽകുന്ന സേവനങ്ങളും നിബന്ധനകളും
12. ഓംബുഡ്സ്മാന്റെ/ട്രൈബ്യൂണൽ വിലാസവും ഉദ്ദേശ്യവും
13. ആശ്രയ 2-ാം ഘട്ടം ഗുണഭോക്തൃപട്ടിക
14. സാമൂഹ്യ സുരക്ഷാ പെൻഷൻ - പെൻഷൻ ഇനം തിരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റ്
15. പകൽ വീടുകളുടെ എണ്ണം, സ്ഥിതി ചെയ്യുന്ന സ്ഥലം
16. അംഗൻവാടികളുടെ എണ്ണം സ്ഥിതി ചെയ്യുന്ന വാർഡ്, സ്ഥലം എന്നിവ
17. ബഡ്സ് സ്കൂൾ, BRC സെന്റർ
18. For the People link, ചെറിയ കുറിപ്പ്
19. Slaughter House & Crematorium.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി

ജെ.എൽ. 5/7